സ്വാമി ശരണം

# ശബരിമല/മാളിപ്പുറം ദേവസ്വങ്ങളിൽ മേൽശാന്തിമാരെ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ.

1. അപേക്ഷകൻ കേരളത്തിൽ ജനിച്ചയാളും, കേരളീയ ആചാര പ്രകാരം പൂജ/ താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളയാളും,മലയാള ബ്രാഹ്മണനുമായിരിക്കണം.
2. അപേക്ഷകന് തൻവർഷം ചിങ്ങമാസം ഒന്നാം തീയതി മുപ്പത്തി അഞ്ച് വയസ് പൂർത്തീകരിച്ചിരിക്കേണ്ടതും, കാലാവധി പൂർത്തിയാകുന്ന തുലാം 30-ന് അറുപത് വയസ് കവിയാൻ പാടില്ലാത്തതുമാണ്.
3. അപേക്ഷകൻ എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോപാസായിരിക്കണം
4. രണ്ട് നേരം നട തുറന്നിരിക്കുന്നതും, മൂന്ന് പൂജകൾ ഉള്ളതും,എല്ലാ ദിവസവും പൊതുജനങ്ങൾക്ക് ദർശനത്തിന് അവസരം നൽകുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ ആകെ പന്ത്രണ്ട് വർഷങ്ങളിൽ,പത്ത് വർഷങ്ങളിൽ തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ള വ്യക്തിയായിരിക്കണം. അപേക്ഷകൻ ബന്ധുക്കളുടെ ശവസംസ്കാര ക്രിയകൾപോലുള്ള കാര്യങ്ങൾക്കായി താൽക്കാലികമായി ശാന്തി ജോലിയിൽ നിന്നും വിട്ട് നിൽക്കേണ്ടിവരുന്ന കാലയളവ് സ്ഥലം മാറ്റത്തേയോ പുതിയ നിയമനത്തെയോ തുടർന്ന് സർവ്വീസിൽ ഉണ്ടാകുന്ന താൽക്കാലിക വിരാമം, ഏതെങ്കിലും തന്ത്രിയോടൊപ്പമുള്ള പരിശീലന കാലയളവിലെ പരമാവധി മൂന്ന് മാസം എന്നിവ തുടർച്ചയായ സർവ്വീസ് കണക്കാക്കുമ്പോൾ വിട്ടുനിന്ന കാലമായി കണക്കാക്കുന്നതല്ല. കൂടാതെ രണ്ട് മേൽശാന്തിമാർ മാസം മാറാടി വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ഷേത്രങ്ങളിൽ കീഴ്ശാന്തിയായി ജോലി നോക്കേണ്ടതായി വന്നേക്കാവുന്ന കാലയളവും പ്രസ്തുത പത്ത് വർഷം കണക്കാക്കുന്നതിന് പരിഗണിക്കുന്നതാണ്.
5. അപേക്ഷകൻ സമൂഹത്തിൽ നല്ല ശാന്തിക്കാരൻ എന്ന നിലയിൽ അംഗീകാരമുള്ള വ്യക്തി ആയിരിക്കേണ്ടതും. ദുസ്സ്വഭാവമുള്ള വ്യക്തി ആയിരിക്കാൻ പാടില്ലാത്തതുമാണ്.
6. അപേക്ഷകൻ ഏതെങ്കിലും ക്രിമനൽ കേസ്സിൽ പ്രതിചേർത്തിട്ടുള്ള ആളായിരിക്കുവാൻ പാടുള്ളതല്ല.
7. ശബരിമല ദേവസ്വത്തിലോ മാളികപ്പുറം ദേവസ്വത്തിലോ മേൽശാന്തിയായി ജോലി ചെയ്തിരുന്നവർ, ആ രണ്ട് ക്ഷേത്രങ്ങളിൽ എവിടെയെങ്കിലും വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിന് അപ്രകാരമുള്ള സേവനം കഴിഞ്ഞ് പത്ത് വർഷം പൂർത്തീകരിച്ചിരിക്കേണ്ടതാണ്.
8. അപേക്ഷകൻ അംഗ വൈകല്യം ഉള്ളയാളോ,ഗുരുതരമായ അസുഖങ്ങൾക്ക് ചികിൽസ തേടിയിട്ടുള്ളയാളോ നിലവിൽ ഗുരുതരമായ അസുഖങ്ങൾ ഉള്ളയാളോ ആകുവാൻ പാടില്ല.
9. അപേക്ഷാ ഫീസ് **2500** രൂപ (രണ്ടായിരത്തി അഞ്ചൂറ് രൂപ) ആയിരിക്കും ഓരോ ദേവസ്വത്തിലും അപേക്ഷിക്കുന്നതിന് പ്രത്യേകം അപേക്ഷാ ഫോറവും പ്രത്യേക ഫീസും നൽകേണ്ടതാണ്.

10. അപേക്ഷകൻ നിലവിൽ പൂർണ്ണമായും ശാന്തി ജോലി നോക്കുന്ന വ്യക്തിയായിരിക്കണം.സർക്കാർ/അർദ്ധസർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർക്കോ,ബിസ്സിനസ്സിലോ, മറ്റ് തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവർക്കോ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
11. അപേക്ഷകന് സംസ്കൃത ഭാഷയിലും ശബരിമല/മാളികപ്പുറം ക്ഷേത്രങ്ങളിലെ പ്രതിഷ്ഠാ സങ്കൽപ്പങ്ങളിലും,ആചാരാനുഷ്ഠാനങ്ങളിലുംതികഞ്ഞ അറിവ് ഉണ്ടായിരിക്കണം. ശൈവസമ്പ്രദായത്തിലുള്ള ആഗമ ശാസ്ത്ര വിധികളിലും ശബരിമല/മാളികപ്പുറം ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തന്ത്ര ശാസ്ത്ര പ്രകാരമുള്ള ആരാധനാ ക്രമങ്ങളിലും മന്ത്രങ്ങളിലും തികഞ്ഞ അവഗാഹമുണ്ടായിരിക്കണം. വേദമന്ത്രോച്ചാരണത്തിൽ സ്ഫുടതയും,അക്ഷര ശുദ്ധിയും അർത്ഥബോധവും ഉണ്ടായിരിക്കണം
12. അപേക്ഷയോടൊപ്പം അപേക്ഷകൻ ഇനി പറയുന്നരേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ പകർപ്പുകൾ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

**(1)**അപേക്ഷകൻ മലയാള ബ്രാഹ്മണൻ ആണെന്നും, കേരളത്തിൽ ജനിച്ച ആളാണെന്നും തെളിയിക്കുന്നതിനുള്ള വില്ലേജ് ആഫീസറുടെ / തഹസിൽദാറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**(2 )** ജനനത തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**(3 )**വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**(4 ).01.06.2005** മുതൽശാന്തി ജോലി നോക്കിയ ക്ഷേത്രത്തിലെ/ ക്ഷേത്രങ്ങളിലെ ജോലി പരിചയം തെളിയിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾ നൽകിയ സർട്ടഫിക്കറ്റിന്റെ പകർപ്പ്(ക്ഷേത്ര ഭരണാധികാരിയുടെ പൂർണ്ണമായ പേര്, മേൽവിലാസം,ഫോൺ നമ്പർ ഇവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) അപേക്ഷകൻ ദേവസ്വം ബോർഡ് ശാന്തിക്കാരൻ ആണെങ്കിൽ 01.06.2005 മുതൽ അദ്ദേഹം ജോലി ചെയ്തിരുന്ന ക്ഷേത്രങ്ങളും കാലയളവും സർവ്വീസ് ബുക്ക് പരിശോധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ വ്യക്തമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**(5)**അപേക്ഷകൻ **01.06.2005** മുതൽ ജോലി ചെയ്തിരുന്ന ക്ഷേത്രങ്ങളിലെ തന്ത്രി മാർ നൽകിയ പൂജാകാര്യങ്ങളിലുള്ള പ്രാഗൽഭ്യത്തെ കുറിച്ചുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**(6 )**അപേക്ഷകൻ ഏതെങ്കിലും ക്രിമിനൽ കേസ്സിൽ ഉൾപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ സംശയത്തിന്റെ പേരിൽ വിട്ടയക്കുകയോ ചെയ്തിട്ടില്ലായെന്നുള്ള സ്ഥിരം മേൽവിലാസത്തിലേയും, ഇപ്പോഴത്തെ മേൽവിലാസം വ്യത്യസ്ഥമാണെങ്കിൽ അവിടത്തെയും അധികാര പരിധിയിൽ ഉള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**(7)** ദേവസ്വം ബോർഡുകളിലെ ശാന്തിക്കാരനാണെങ്കിൽ സേവന കാലയളവിൽ എന്തെങ്കിലും അച്ചടക്ക നടപടി നേരിടേണ്ടി വന്നിട്ടുണ്ടോ എന്നും, അപ്രകാരം ഉണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള വിശദ വിവരവും കാണിക്കുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**(8)**അപേക്ഷകന് അംഗവൈകല്യം, ഗുരുതര രോഗങ്ങൾ എന്നിവ ഇല്ലായെന്നും ശാരീരിക ക്ഷമത, കാഴ്ചശക്തി, കേൾവിശക്തി എന്നിവയെക്കുറിച്ചും, സർക്കാർ സർവ്വീസിലുള്ള സിവിൽ സർജൻ ഗ്രേഡ്-1/ അസിസ്റ്റന്റ് പ്രൊഫസ്സർ റാങ്കിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

13. ശബരിമല/മാളികപ്പുറം മേൽശാന്തിമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ ശബരിമല സന്നിധാനത്തു തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന സ്ഥലത്ത് സേവനകാലം മുഴുവൻ പുറപ്പെടാശാന്തിയായി താമസിക്കേണ്ടതാണ്. അവരുടെ അടിസ്ഥാന താമസസൗകര്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തുന്നതാണ്.

14. തെരഞ്ഞെടുക്കപ്പെടുന്ന ശാന്തിക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് ദേവസ്വം കമ്മീഷണറുടെ പേർക്ക് ഒരു ബോണ്ട് വയ്ക്കേണ്ടതും, ബോർഡ് നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി തുക അടയ്ക്കേണ്ടതുമാണ്. ബോണ്ടിലെ വ്യവസ്ഥകൾ സേവനകാലം മുഴുവൻ ബാധകമായിരിക്കും. മേൽശാന്തിമാരുടെ നിയമന അധികാരി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേവസ്വം കമ്മീഷണർ ആയിരിക്കും.

RA

**ദേവസ്വം കമ്മീഷണർ**